"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതവിദ്യാഭ്യാസ വകുപ്പ്- മലപ്പുറം ജില്ലയിലെ മഞ്ചേരി ഉപജില്ലയിൽ മാനവേദൻ യു.പി. സ്കൂളിലെ ഹിന്ദി അദ്ധ്യാപികയായിരുന്ന ശ്രീമതി എം.കെ.ജംഷീനയുടെ റിവിഷൻ ഹർജി തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4240/2022/GEDN തീയതി,തിരുവനന്തപുരം, 20-07-2022

---

പരാമർശം:- 1. ശ്രീമതി എം.കെ.ജംഷീനയുടെ റിവിഷൻ ഹർജി

2. 25/05/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ DGE/7752/2022-RA3 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ മഞ്ചേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള മാനവേദൻ യു.പി. സ്കൂളിലെ ഹിന്ദി അദ്ധ്യാപികയായിരുന്ന ശ്രീമതി ജംഷീന എംകെ പരാമർശം 1 പ്രകാരം സർക്കാരിൽ ഒരു റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു. 2019 മുതൽ ശമ്പളമോ മറ്റ് ആനുകൂല്യമോ ഇല്ലാതെ ജോലി ചെയ്യുന്ന തനിക്ക് ജോലി തിരികെ ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

2. സർക്കാർ ഇക്കാര്യം നിലവിലെ ചട്ടങ്ങൾ , ഉത്തരവുകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

3. മഞ്ചേരി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി സ്കൂൾ സന്ദർശനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ടിൽ 8 വിദ്യാർത്ഥികൾ 13.06.2019 മുതൽ 19.08.2019 വരെ സ്കൂളിൽ പഠനം നടത്തിയിരുന്നു എന്നും എന്നാൽ ഹാജർ പട്ടികകൾ പരിശോധിച്ചതിൽ എ, സി ഡിവിഷനുകളിൽ അധ്യയനം ആരംഭിച്ച 6.6.2019 മുതൽ 12.6.2019 വരെ മൂന്ന് കുട്ടികൾക്ക് ഹാജർ രേഖപ്പെടുത്തുകയും പിന്നീട് ആയതിന്മേൽ വൈറ്റ്നർ ഉപയോഗിച്ചതായും കണ്ടെത്തിയതായി പറയുകയുണ്ടായി. എന്നാൽ ടി 8 കുട്ടികൾക്കും 13.8.2019 മുതൽ 19.8.2019 വരെ ഹാജർ നൽകിയിട്ടുണ്ട്.

4. കെ.ഇ.ആർ. അധ്യായം VI ചട്ടം 15 (iii) പ്രകാരം സ്കൂൾ തുറന്നതിനുശേഷം തുടർച്ചയായി 5 ദിവസം ഹാജരാവാത്ത കുട്ടികളെ ഹാജർ പട്ടികയിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. ടി 8 കുട്ടികൾ 6-ാം പ്രവർത്തി ദിവസമാണ് ടി സ്കൂളിൽ പ്രവേശനം നേടുന്നത്. പ്രസ്തുത കുട്ടികൾ മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന പി.കെ.എം.ഐ.സി. എച്ച്.എസ്. പൂക്കോട്ടൂർ (unaided recognised) സ്കൂളിൽ നിന്നും ആണ് ടി.സി. വാങ്ങി വന്നിരിക്കുന്നത്. കൂടാതെ ഇതേ സ്കൂളിലേക്ക് തന്നെയാണ് തിരികെ ടി.സി. വാങ്ങി പോയിരിക്കുന്നതും. 2019-20 വർഷം കുട്ടികളുടെ എണ്ണത്തിൽ കുറവ് മൂലം ഡിവിഷൻ നഷ്ടപ്പെടുവാൻ ഇടയുണ്ടായിരുന്ന 6-ാം ക്ലാസ്സിലേക്ക് മാത്രമാണ് പി.കെ.എം.ഐ.സി.എച്ച്.എസിൽ നിന്നും ടി.സി. വാങ്ങി 8 കുട്ടികൾ പ്രവേശനം നേടിയിരുന്നത്.

ടി 8 കുട്ടികളും 12.06.2019നാണ് ടി.സി. വാങ്ങിയിട്ടുള്ളതെന്നും, ടി 8 കുട്ടികളും 19.8.2019 നാണ് ടി.സി. വാങ്ങി പോയിട്ടുള്ളതെന്നും ആണ് മഞ്ചേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ടി സാഹചര്യത്തിലാണ് ശ്രീമതി എം.കെ.ജംഷീനയുടെ അപേക്ഷ 02/11/2021 ലെ ആർ എ 3/237369/2021 നമ്പർ നടപടി ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചിട്ടുള്ളത്.

5. മേൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ മഞ്ചേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള മാനവേദൻ യു.പി. സ്കൂളിലെ ഹിന്ദി അദ്ധ്യാപികയായിരുന്ന ശ്രീമതി ജംഷീന എംകെ പരാമർശം 1 പ്രകാരം സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മഞ്ചേരി.

ശ്രീമതി ജംഷീന.എം.കെ, മദാരി കുപ്പേങ്ങൽ, നെല്ലിക്കുത്ത് പി.ഒ, മഞ്ചേരി, മലപ്പുറം- 676122

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
**Signed by Mini.t.r.**
**Date: 20-07-2022 15:43:25**
സെക്ഷൻ ഓഫീസർ